**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 165** **09-02-2023 - ൽ മറുപടിയ്ക്ക്**

**ശബരിമല വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | തീർത്ഥാടകർക്കായി ശബരിമല വിമാനത്താവളം സമയബന്ധിതമായി പൂർത്തികരിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | ശബരിമല ഗ്രീൻഫീൽഡ് വിമാനത്താവള പദ്ധതിയുടെ ടെക്നോ-ഇക്കണോമിക് ഫീസിബിലിറ്റി റിപ്പോർട്ട് (ടി.ഇ.എഫ്.ആർ) പൂർത്തീകരിച്ച് 'സൈറ്റ് ക്ലിയറൻസിനായി കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന് MoCA) സമർപ്പിച്ചിട്ടുണ്ട്. 2022 നവംബർ മാസം ഡൽഹിയിൽ കേന്ദ്ര വ്യോമയാന സെക്രട്ടറിയുടെ അധ്യക്ഷതയിൽ ഗ്രീൻഫീൽഡ് വിമാനത്താവളങ്ങൾക്കായുള്ള സ്റ്റിയറിങ് കമ്മിറ്റി യോഗം കൂടുകയും, ശബരിമല വിമാനത്താവള പദ്ധതിയുടെ സൈറ്റ് ക്ലിയറൻസ് അനുമതി അപേക്ഷയിന്മേൽ ചർച്ച നടക്കുകയും ചെയ്തു. പദ്ധതിയെ സംബന്ധിച്ച്, അതിന്റെ നോഡൽ ഏജൻസിയായ കെ.എസ്.ഐ.ഡി.സി-യോട്, വ്യോമയാന മന്ത്രാലയം വിവിധ ഘട്ടങ്ങളിലായി ആവശ്യപ്പെട്ട സ്പഷ്ടീകരണങ്ങൾ സമയബന്ധിതമായി നല്കിയിട്ടുമുണ്ട്. ആയതിനാൽ പദ്ധതിക്ക് കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ അനുമതി (സൈറ്റ് ക്ലിയറൻസ്) ഉടൻ ലഭ്യമാകുമെന്ന് കരുതുന്നു.<br><br>പദ്ധതിയുടെ പാരിസ്ഥിതിക ആഘാത പഠനം സമയബന്ധിതമായി പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. കൂടാതെ, വിശദമായ പദ്ധതി റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കും.<br><br>കോട്ടയം-പത്തനംതിട്ട ജില്ലകളുടെ അതിർത്തിയിൽ എരുമേലി ടൗണിന് സമീപം ചെറുവള്ളി എസ്റ്റേറ്റിലും, എസ്റ്റേറ്റിന് പുറത്ത് കുറച്ച് അധിക ഭൂമിയിലുമായി, ഏകദേശം 2570 ഏക്കർ സ്ഥലത്താണ് വിമാനത്താവളം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടി |

| | | | |
|---|---|---|---|
| | | | സർക്കാർ ആരംഭിച്ചുകഴിഞ്ഞു. 2013ലെ ഭൂമിയെറ്റെടുക്കൽ നിയമപ്രകാരം 4(1) വിജ്ഞാപനം പുറപ്പെടുവിച്ച് സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുവാനും, പ്രസ്തുത പഠന റിപ്പോർട്ട് വിലയിരുത്താൻ ഒരു വിദഗ്ധ സമിതി രൂപീകരിക്കാനും ഉത്തരവായിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി സാമൂഹിക ആഘാത വിലയിരുത്തൽ പഠനം നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി)-യെ നിയോഗിച്ചിട്ടുണ്ട്.<br><br>വിമാനത്താവളത്തിന്റെ നിർമ്മാണത്തിനും നടത്തിപ്പിനുമായി സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ രൂപീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ